**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18.03.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷത യിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

**1.** സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.03.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1 പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014-15 സാമ്പത്തിക വർഷം വികസനഫണ്ടിനത്തിൽ ആകെ 2728.01 കോടി രൂപ (65.73 ശതമാനം)യും ഗ്രാമപഞ്ചായത്തുകൾ 1482.11 കോടി രൂപ (70.20 ശതമാനം)യും ബ്ലോക്ക് പഞ്ചായത്തുകൾ 397.12കോടി രൂപ (80.82ശതമാനം) യും ജില്ലാ പഞ്ചായത്തുകൾ കോടി 416.73 രൂപയും,(62.09 ശതമാനം) മുനിസിപ്പാലിറ്റി 259.25 കോടി രൂപ (58.46 ശതമാനം) കോർപ്പറേഷനുകൾ 172.79 കോടി രൂപ (39.92 ശതമാനം) യും ചെലവഴിച്ചതായും കാണപ്പെട്ടു. കോർപ്പറേഷനുകളുടെ പദ്ധതി വിഹിതം ചെലവഴിക്കൽ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. ഇതിൻ പ്രകാരം മുനിസിപ്പൽ ജോയിന്റ് ഡയറക്ടർ 5 കോർപ്പറേഷനുകളുടെയും ചെലവഴിക്കൽ ശതമാനം റിപ്പോർട്ട് ചെയ്തത് പ്രകാരം തിരുവനന്തപുരം 27.5 ശതമാനം, കൊല്ലം 53 ശതമാനം, കൊച്ചി 47 ശതമാനം, തൃശൂർ 44 ശതമാനം, കോഴിക്കോട് 23.05 ശതമാനം എന്നതാണെന്നും ആയതിനാൽ അടിയന്തിരമായി പദ്ധതിയിൽ പുരോഗതി വരുത്തണമെന്ന് നിർദ്ദേശിച്ചു.

**2.2** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാനുള്ള മൂന്ന് ഗഡു തുക അടിയന്തിരമായി അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്തു. 8-ാം ഗഡു ഇന്നു തന്നെ റിലീസ് ചെയ്യുന്നതാണെന്ന് ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

**2.3** 2013-14-ലെ സ്പിൽഓവർ പദ്ധതികളുടെ ബില്ലുകൾ 31.03.2015-നകം സമർപ്പി ക്കേണ്ടതാണ്. 31.03.2015-നകം ബില്ലുകൾ സമർപ്പിക്കാതിരുന്നാൽ പദ്ധതിക്ക് വേണ്ടി വരുന്ന തുക അടുത്ത സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 135967/ഡി.എ2/15/തസ്വഭവ)**

2014-15 വാർഷിക പദ്ധതിയിൽ 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം എന്ന പദ്ധതി ഗ്രാമപഞ്ചായത്തുകളുമായി സംയുക്ത പ്രോജക്ടായി നടപ്പാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പുത്തൻചിറ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 141473/ഡി.എ2/15/തസ്വഭവ)**

അംബേദ്കർ കോളനിയിൽപ്പെട്ട റോഡ് പ്രവൃത്തിയിൽ മാറ്റം വരുത്താൻ അനുവദിക്കണമെന്ന ആവശ്യം ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും തമ്മിലുള്ള വിഷയമായതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണ നയ്ക്ക് വരേണ്ട വിഷയമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 135852/ഡി.എ2/തസ്വഭവ)**

ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹന വിതരണം പദ്ധതിയെ സംബന്ധിച്ച് 10.02.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം 2.9 ഇനമായി തീരുമാനം ഉള്ളതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പരപ്പ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 135861/ഡി.എ2/തസ്വഭവ)**

റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് സി.എച്ച്.സി.ക്ക് മരുന്നു വാങ്ങുന്നത് മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കൊടകര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 135859/ഡി.എ2/തസ്വഭവ)**

പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്, കമ്പ്യൂട്ടർ വിതരണം സംബന്ധിച്ച് 12.03.2015–ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം 2.6 ഇനമായി തീരുമാനിച്ചിട്ടുള്ളതാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 135865/ഡി.എ2/തസ്വഭവ)**

അംഗൻവാടികൾക്കുള്ള പോഷകാഹാര പദ്ധതിക്ക് റീഇംപേഴ്സ്മെന്റായി ലഭിച്ച തുക ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 എറണാകുളം ജില്ലാ പഞ്ചായത്ത്**

8,9,11 ക്ലാസ്സുകളിലെ എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠന കിറ്റ് വിതരണം 11–ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം എന്നിവ ഹെഡ്മാസ്റ്ററുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കി സുതാര്യമായ വ്യവസ്ഥയിലൂടെ നടപ്പാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ചക്കുപള്ളം ഗ്രാമപഞ്ചായത്ത്**

പ്രത്യേക ഘടക പദ്ധതി പ്രകാരം ലാപ്ടോപ് നൽകുന്നത് സംബന്ധിച്ച് 12.03.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം 2.6 ഇനമായി തീരുമാനിച്ചിട്ടുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ചേർത്തല നഗരസഭ**

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വൈദ്യുതി കുടിശ്ശിക ഉണ്ടാകാനിടയായ സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെടാനും കുടിശ്ശിക തുക തനത് ഫണ്ട്/ നോൺറോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് അടവാക്കാനും നിർദ്ദേശിച്ച് തീരുമാനിച്ചു. കുടിശ്ശിക ഉണ്ടായ സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കോട്ടയം ജില്ലാ പഞ്ചായത്ത്**

പെരുവ ഗവ.ബോയ്സ് ഹൈസ്ക്കൂൾ, കുലശേഖരമംഗലം ഗവ. ഹയർസെക്കന്ററി സ്ക്കൂൾ എന്നിവിടങ്ങളിലേയ്ക്ക് ബസ് വാങ്ങി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തൃശൂർ ജില്ലാ പഞ്ചായത്ത് (ബഹു. ഒല്ലൂർ എം.എൽ.എ ശ്രീ.എം.പി. വിൽസന്റ് മുഖേന)**

മാർഗരേഖപ്രകാരം അനുവദനീയമല്ലാത്ത കലാ-കായിക സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി അംഗീകരിക്കണമെന്ന ആവശ്യം വിശദാംശങ്ങളുടെ അഭാവത്തിൽ മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്**

ബിരുദ-ബിരുദാനന്തര പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകാൻ അനുവദിക്കണമെന്ന ആവശ്യം 12.03.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം 2.6 ബാധകമായി അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കൂരാചുണ്ട് ഗ്രാമപഞ്ചായത്ത്**

2015-16 വർഷത്തെ നോൺറോഡ് ഫണ്ട് ഉപയോഗിച്ച് ആയുർവേദ ആശുപത്രികെട്ടിടം പണിയുന്നതിന് അനുമതി ആവശ്യപ്പെട്ടത് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കൊടുവള്ളി ഗ്രാമപഞ്ചായത്ത്**

**ബഹു. കൊടുവള്ളി എം.എൽ.എ ശ്രീ. വി.എം. ഉമ്മർമാസ്റ്റർ മുഖേന**

ടൗണിൽ ഓപ്പൺ എയർ സ്റ്റേജിനു സമീപമുള്ള പഴയ ഷോപ്പിംഗ് സെന്റർ പൊളിച്ചു നീക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് വകുപ്പ്തലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കൊടുവള്ളി ഗ്രാമപഞ്ചായത്ത് ബഹു. കൊടുവള്ളി എം.എൽ.എ ശ്രീ. വി.എം. ഉമ്മർമാസ്റ്റർ മുഖേന)**

കെ.എസ്.ഇ.ബിയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിവെള്ള പദ്ധതിയുടെ കുടിശ്ശിക വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് മെയിന്റനൻസ് ഫണ്ട്/തനത് ഫണ്ട് തുക ഉപയോഗ പ്പെടുത്താമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കൊടുവള്ളി ഗ്രാമപഞ്ചായത്ത് ബഹു. കൊടുവള്ളി**

**എം.എൽ.എ ശ്രീ. വി.എം. ഉമ്മർമാസ്റ്റർ മുഖേന**

ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട 25.09.2013-ലെ 41630/RC4/2014/ തസ്വഭവ സർക്കാർ നിർദ്ദേശം ഒഴിവാക്കി പണി നടത്താൻ അനുവദിക്കണമെന്ന ആവശ്യം വകുപ്പ് തല തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 143583/ഡി.ഡി.2/15/തസ്വഭവ)**

2014-15-ൽ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പട്ടികജാതി യുവതികൾക്ക് "ഷീ ഓട്ടോ" ബാങ്ക് വായ്പയോടു കൂടി നടപ്പിലാക്കാൻ അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3 .18 പുത്തൻചിറ ഗ്രാമപഞ്ചായത്ത്**

ജലനിധി 2-ാം ഘട്ടം പദ്ധതിക്ക് 2014-15 -ൽ വകയിരുത്തിയ 25 ലക്ഷം രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ജലനിധി ശുദ്ധജല സ്കീം ലെവൽ കമ്മിറ്റിയിലേയ്ക്ക് അടയ്ക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് വകുപ്പുതലത്തിൽ പരിശോധിച്ച് നടപടിക്കായി നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 131593/ഡി.എ1/15/തസ്വഭവ)**

നിലവിലുള്ള സ്ഥിതി തുടരാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 അടിമാലി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 5337/എഫ്.എം.3/15/തസ്വഭവ)**

മുത്തിക്കാട് കുടിവെള്ള പദ്ധതിക്ക് കുടിശ്ശികയായിട്ടുള്ള കറണ്ട് ചാർജ് തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 മാരാരിക്കുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 3754/ഡി.എ2/15/തസ്വഭവ)**

സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 2012-13, 2013-14 വർഷങ്ങളിൽ ഓഡിറ്റ് തടസ്സം ഉണ്ടായത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് ചർച്ച ചെയ്യുകയും മുൻ വർഷങ്ങളിൽ നടപ്പിലാക്കിയതിന് സാധൂകരണം നൽകുകയും, 2014-15 വർഷം പദ്ധതികൾ നടപ്പിലാക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചും തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 തിരുനാവായ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 68437/ഡി.എ2/13/തസ്വഭവ)**

പൈക്ക ഫണ്ട് ഉപയോഗിച്ച് 2013-14-ലെ കളിസ്ഥല നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളും, എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ നിർമ്മാണത്തിൽ തുക കുറച്ച് അംഗീകാരം വാങ്ങിയത് സംബന്ധിച്ചു വിശദമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 ഗ്രാമവികസന കമ്മീഷണറുടെ കത്ത്**

ഐ.എ.വൈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ട്രഷറികളിൽ നിന്നും മാറുന്നതിന് നിയന്ത്രണം പാടില്ലെന്ന നിർദ്ദേശം ധനകാര്യ വകുപ്പ് പരിശോധിക്കണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 പറക്കോട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 135960/ഡി.ബി.2/15/തസ്വഭവ)**

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**
**ബഹു. എം.എൽ.എ. ശ്രീ. കെ. ശിവദാസൻ നായരുടെ കത്ത്**

ഇലന്തൂർ ഗ്രാമപഞ്ചായത്തിലെ ഗാന്ധി സ്മൃതി മണ്ഡപത്തിന് 10 ലക്ഷം രൂപ കൂടി ജില്ലാ പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെ എസ്.സി. കോളനികളിൽ കുടിവെള്ള കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിന് കളക്ടർ സ്വീകരിച്ചു വരുന്ന പദ്ധതികൾക്ക് ഡെപ്പോസിറ്റ് ചെയ്യണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 വേങ്ങര ബ്ലോക്ക് പഞ്ചായത്ത്**

സർക്കാർ, എയ്ഡഡ് സ്ക്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങി നൽകാൻ അനുവദിക്കണമെന്ന ആവശ്യത്തിൽ ഗ്യാരണ്ടി/വാറണ്ടി ഉറപ്പാക്കിയും എ.എം.സി. വ്യവസ്ഥഉള്ളതായിരിക്കേണ്ടതാണെന്നും സുതാര്യമായുംപദ്ധതി നടപ്പാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 കുമ്പള ഗ്രാമപഞ്ചായത്ത്**

കുമ്പള ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾ സ്ഥാപിക്കൽ പദ്ധതിക്കാവശ്യമായ എൽ.ഇ.ഡി. ലൈറ്റുകൾ സിഡ്കോയിൽ നിന്നും വാങ്ങുന്നതിന് അനുവദിക്കണമെന്ന ആവശ്യത്തിൽ ക്രൂസ് വഴി ഈ പദ്ധതി നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 പാനൂർ ഗ്രാമപഞ്ചായത്ത്**

+2, ബിരുദ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.15 ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2015 മാർച്ച് 25-ന് ഉച്ചയ്ക്ക് 12 മണിക്ക് അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പുമന്ത്രിയുടെ ചേംബറിൽ കൂടുന്നതാണ്.***